സ.ഉ.(സാധാ) നം.2899/2022/LSGD

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ്- കേരള മുനിസിപ്പൽ കോമൺ സർവ്വീസ്- ഒറ്റപ്പാലം നഗരസഭയിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധന- ജീവനക്കാർക്കെതിരായി ആരംഭിച്ച അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.2899/2022/LSGD തീയതി,തിരുവനന്തപുരം, 23-11-2022

---

പരാമർശം:-

1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 24.02.2018 തീയതിയിലെ ഇ12(എസ്.സി.17/17/പാലക്കാട്) 39517/17 നമ്പർ കത്ത്.
2. 11.06.2018 തീയതിയിലെ ഇയു2-235/2018-തസ്വഭവ. നമ്പർ കുറ്റാരോപണമെമ്മോ/പത്രിക.
3. നഗരകാര്യ ഡയറക്ടറുടെ 01.11.2022 തീയതിയിലെ ഡിയുഎ/4299/2022/വി3നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സംസ്ഥാനവ്യാപകമായി നഗരസഭകളിൽ നടന്ന മിന്നൽ പരിശോധനയുടെ ഭാഗമായി പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം നഗരസഭയിൽ 04.03.2017, 07.03.2017 തീയതികളിൽ നടന്ന വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ മിന്നൽപരിശോധനയിൽ ടി ഓഫീസിലെ സീനിയർ ക്ലർക്കുമാരായ ശ്രീ. അയ്യപ്പൻ. യു, ശ്രീ. ആർ. ശിവകുമാർ എന്നിവർ പേഴ്സണൽ ക്യാഷ് ഡിക്ലയർ ചെയ്യിട്ടില്ലാത്തതായും, പ്രീ-മൺസൂൺ ക്ലീനിംഗ് പ്രോഗ്രാമുമായി ബന്ധപ്പെട്ട് 2,65,500/- രൂപ തുല്യമായി ഓരോ കൗൺസിലർമാർക്കും പ്രത്യേക എസ്റ്റിമേറ്റ് തയ്യാറാക്കാതെ നൽകിയതായും ഹെൽത്ത് ഇൻസ്പെക്ടർമാർ തയ്യാറാക്കിയ പ്ലാൻ അനുസരിച്ച് തുക ചെലവഴിച്ചതായും, എന്നാൽ ഇതിന്റെ മസ്റ്റർ റോൾ ബന്ധപ്പെട്ട ഫയലിൽ കണ്ടെത്താൻ കഴിഞ്ഞില്ലായെന്നും ആയതിന് നഗരസഭയിലെ ഹെൽത്ത് സൂപ്പർവൈസർ ശ്രീ. കെ. സി. കൃഷ്ണൻ ഉത്തരവാദിയാണെന്നും പരിശോധനയിൽ കണ്ടെത്തുകയുണ്ടായി. വിജിലൻസ് റിപ്പോർട്ടിലെ ശുപാർശപ്രകാരം മേൽക്രമക്കേടുകൾക്ക് സീനിയർ ക്ലർക്കുമാരായ ശ്രീ. അയ്യപ്പൻ. യു, ശ്രീ. ആർ. ശിവകുമാർ,, ഹെൽത്ത് സൂപ്പർവൈസർ ശ്രീ. കെ .സി കൃഷ്ണൻ എന്നിവർക്ക് പരാമർശം (2) പ്രകാരം കുറ്റാരോപണ മെമ്മോ/ പത്രിക നൽകിയിരുന്നു.

2. കുറ്റാരോപണ മെമ്മോ/പത്രികയ്ക്ക് മേൽ ജീവനക്കാർ സമർപ്പിച്ച പ്രതിവാദപത്രികയുടെ അടിസ്ഥാനത്തിൽ ടി വിഷയത്തിന്മേൽ കൊച്ചി മേഖലാ ജോയിന്റ് ഡയറക്ടർ അന്വേഷണം നടത്തി സമർപ്പിച്ച റിപ്പോർട്ട് പ്രകാരം, വിജിലൻസ് അന്വേഷണ ദിവസം അൽപ്പം വൈകി നഗരസഭാ ഓഫീസിൽ എത്തിയതിനാൽ ധൃതിയിൽ അറ്റൻഡൻസിൽ ഒപ്പിടുകയും ഓഫീസിൽ തിരക്കുള്ളതിനാൽ ക്യാഷ് ഡിക്ളറേഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തൽ നടത്തിയില്ല എന്ന കാര്യം ശ്രീ .അയ്യപ്പൻ യു, ശ്രീ. ആർ ശിവകുമാർ എന്നിവർ ശരി വയ്ക്കുന്നുണ്ടെന്നും മന:പൂർവ്വമോ

ബോധപൂർവ്വമോ അല്ലാത്തതും ജോലിത്തിരക്കിനിടയിൽ സംഭവിച്ച തെറ്റാണെന്നും ഇനി ആവർത്തിക്കില്ലെന്നും ശ്രീ .അയ്യപ്പൻ യു, ശ്രീ .ആർ .ശിവകുമാർ എന്നിവർ മൊഴി നൽകിയിട്ടുള്ളതായും കൊച്ചി മേഖലാ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. ആയതിൽ നിന്നും ശ്രീ.അയ്യപ്പൻ.യു ,ശ്രീ.ആർ.ശിവകുമാർ എന്നിവർ മനപ്പൂർവമോ ബോധപൂർവമോ അല്ല ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തൽ നടത്താതിരുന്നത് എന്ന് കാണുന്നതിനാൽ ടി ജീവനക്കാർക്ക് താക്കീത് നൽകി അച്ചടക്കനടപടികൾ അവസാനിപ്പിക്കാവുന്നതാണെന്ന് കൊച്ചി മേഖലാ ജോയിന്റ് ഡയറക്ടർ ശുപാർശ ചെയ്തിരുന്നു.

3. മഴക്കാല പൂർവ ശുചീകരണ ക്യാമ്പയിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ആരോഗ്യവകുപ്പും ഒറ്റപ്പാലം നഗരസഭയും ചേർന്ന് മാലിന്യ പരിപാലനം, പരിസര ശുചിത്വം ,കൊതുകിന്റെ ഉറവിടം നശിപ്പിക്കൽ തുടങ്ങിയ പകർച്ച വ്യാധി പ്രതിരോധപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് പ്രവർത്തിക്കുന്ന NRHM ന്റെ ഭാഗമായുള്ള വാർഡുതല ആരോഗ്യ ശുചിത്വ പോഷണ സമിതിയ്ക്ക് 5000/-രൂപ വീതം കൈമാറിയിട്ടുള്ളതാണെന്നും , സമിതി സമർപ്പിച്ചിട്ടുള്ള വൗച്ചറുകളും ബില്ലുകളും ഓഫീസിൽ സൂക്ഷിച്ചിട്ടുള്ളതായും , ധനവിനിയോഗ സർട്ടിഫിക്കറ്റ് ജില്ലാശുചിത്വ മിഷന് അയച്ചു നൽകിയിട്ടുള്ളതായും, മഴക്കാലത്തിനു മുൻപ് നഗരസഭാ പ്രദേശത്തെ ഓടകളിലെ മണ്ണും മാലിന്യങ്ങളും നീക്കം ചെയ്യുന്നതിനും പൊതുനിരത്തുകളിലെ കാടും പടലങ്ങളും വെട്ടി മാറ്റുന്നതിനുമുള്ള നഗരസഭാ കൗൺസിൽ തീരുമാനപ്രകാരം 121 തൊഴിൽ ദിനങ്ങൾക്ക് ആകെ 45617/- രൂപ ചെലവ് ചെയ്തിട്ടുള്ളതിന്റെ മസ്റ്റർ റോളും, ബോധവൽക്കരണ നോട്ടീസ് അച്ചടിക്കുന്നതിനും ബാനറിനും കൂടി ചെലവായ 3800/- രൂപ യുടെ ബില്ലുകളും, ഓഫീസിൽ സൂക്ഷിച്ചിട്ടുള്ളതുമാണെന്നും ശ്രീ. കെ .സി കൃഷ്ണൻ മറുപടിയിൽ ബോധിപ്പിച്ചിട്ടുള്ളതാണെന്നും ആയത് ഒറ്റപ്പാലം നഗരസഭാസെക്രട്ടറിയുടെ റിപ്പോർട്ടിലും സാധൂകരിക്കുന്നുണ്ടെന്നും കൊച്ചി മേഖലാ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്യുന്നു. മേൽ വസ്തുതകൾ പരിശോധിച്ചതിൽ ഒറ്റപ്പാലം നഗരസഭയിൽ ഹെൽത്ത് സൂപ്പർവൈസർ തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്നതും 31.04.2017-ന് സേവനത്തിൽ നിന്ന് വിരമിച്ചതുമായ ശ്രീ.കെ.സി.കൃഷ്ണനെ അച്ചടക്കനടപടിയിൽ നിന്ന് ഒഴിവാക്കാവുന്നതാണെന്ന് കൊച്ചി മേഖലാ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

4. ഇക്കാര്യത്തിൽ നഗരകാര്യഡയറക്ടറുടെ പരാമർശം (3) റിപ്പോർട്ട് പ്രകാരം ടി ജീവനക്കാരുടെ മൊഴിയുടെയും കൊച്ചി മേഖലാ ജോയിന്റ് ഡയറക്ടർ നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും ശ്രീ.കെ. സി കൃഷ്ണൻ, ശ്രീ.അയ്യപ്പൻ.യു, ശ്രീ.ആർ.ശിവകുമാർ, എന്നിവർക്കെതിരെയുള്ള അച്ചടക്കനടപടികൾ അവസാനിപ്പിക്കാവുന്നതാണെന്ന് നഗരകാര്യഡയറക്ടർ ശുപാർശ ചെയ്തിരുന്നു.

5. സർക്കാർ ഇക്കാര്യം വിജിലൻസ് റിപ്പോർട്ട്, കുറ്റാരോപണമെമ്മോയിന്മേലുള്ള ജീവനക്കാരുടെ മറുപടി, കൊച്ചി മേഖലാ ജോയിന്റ് ഡയറക്ടറുടെ അന്വേഷണ റിപ്പോർട്ട്, നഗരകാര്യ ഡയറക്ടറുടെ ശുപാർശ എന്നിവ പ്രകാരം പരിശോധിച്ചതിൽ വിജിലൻസ് പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളിൽ ജീവനക്കാരുടെ ഭാഗത്ത് മനപൂർവ്വമായ വീഴ്ച ഉണ്ടായിട്ടുള്ളതായി കാണുന്നില്ല. മേൽ സാഹചര്യത്തിൽ ഒറ്റപ്പാലം നഗരസഭയിൽ വിജിലൻസ്ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ മിന്നൽപരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളുടെ അടിസ്ഥാനത്തിൽ ടി ഓഫീസിലെ സീനിയർ ക്ലർക്കുമാരായ ശ്രീ. അയ്യപ്പൻ. യു, ശ്രീ. ആർ. ശിവകുമാർ, ഹെൽത്ത് സൂപ്പർവൈസർ ശ്രീ.കെ.സി.കൃഷ്ണൻ എന്നിവർക്കെതിരായി ആരംഭിച്ച അച്ചടക്കനടപടിയിൽ തുടർനടപടി അവസാനിപ്പിച്ച്

അച്ചടക്കനടപടി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ശ്രീ. അയ്യപ്പൻ. യു,. സീനിയർ ക്ലർക്ക്, ഒറ്റപ്പാലം നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)
ശ്രീ. ആർ. ശിവകുമാർ,സീനിയർ ക്ലർക്ക്, ഒറ്റപ്പാലം നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)
ശ്രീ. കെ സി കൃഷ്ണൻ, ഹെൽത്ത് സൂപ്പർവൈസർ, ഒറ്റപ്പാലം നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
**Signed by Sonu Jacob**
**Date: 23-11-2022 12:47:05**
സെക്ഷൻ ഓഫീസർ